"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### <u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് Geoline Survey Solutions എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ നിരസിച്ച് കൊണ്ടും WP(C) 42629/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ 13/11/2025 ലെ ഉത്തരവ് അനുപാലിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.3035/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. സ.ഉ(എം.എസ്) നം. 133/2013/തസ്വഭവ തീയതി 30/03/2013
2. Geoline Survey Solutions എന്ന ഏജൻസി 6/11/2025-ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ഓൺലൈൻ മുഖേന സമർപ്പിച്ച അക്രഡിറ്റേഷൻ അപേക്ഷ.
3. WP(C) 42629/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 13/11/2025 ലെ ഇടക്കാല ഉത്തരവ്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 10/12/2025-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### <u>ഉത്തരവ്</u>

വാട്ടർ മാനേജ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന AMRUT 2.0 (Atal Mission for Rejuvenation and Urban Transformation) ന് വേണ്ടി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (SMMU) 06/11/2025-ന് പുറപ്പെടുവിച്ച SMMU/AMRUT2.0/SSASCI/2025 നമ്പർ ടെണ്ടറിൽ അക്രഡിറ്റഡ് /എംപാനൽഡ് ഏജൻസിയല്ല എന്നതിനാൽ Geoline Survey Solutions എന്ന ഏജൻസിക്ക് പങ്കെടുക്കാൻ സാധിച്ചില്ലെന്നും അതിനാൽ അക്രഡിറ്റേഷനുവേണ്ടി ഏജൻസി സമർപ്പിച്ച അപേക്ഷയിൽ തീർപ്പുകൽപിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട്

Geoline Survey Solutions എന്ന ഏജൻസി ബഹു. ഹൈക്കോടതി മുമ്പാകെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ഒന്നാം എതിർകക്ഷിയാക്കി ഫയൽ ചെയ്ത WP(C) No.42629/2025 നമ്പർ കേസിൽ ബഹു. ഹൈക്കോടതി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, ഏജൻസി സമർപ്പിച്ച അക്രെഡിറ്റേഷൻ അപേക്ഷ (Ext p7) ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി മൂന്ന് ആഴ്ചക്കകം ഒന്നാം എതിർകക്ഷി പരിഗണിക്കുവാൻ ഉത്തരവായിരുന്നു.

2) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 10/12/2025-ന് തദ്ദശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ അക്രഡിറ്റേഷൻ കമ്മിറ്റി യോഗം ചേർന്ന് ഏജൻസി അക്രഡിറ്റേഷനു വേണ്ടി സമർപ്പിച്ച പരാമർശം (2) ലെ അപേക്ഷ (Ext p7) വിശദമായി പരിശോധിച്ചു.

3) പരാമർശം (1) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റേഷൻ നല്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7(iv)(2) പ്രകാരം രജിസ്ട്രേഷൻ ലഭിച്ച് 3 വർഷമെങ്കിലും പൂർത്തിയായ ഏജൻസികളെ മാത്രമേ അക്രഡിറ്റേഷൻ നല്കുന്നതിന് പരിഗണിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ Geoline Survey Solutions എന്ന ഏജൻസിക്ക് രജിസ്ട്രേഷൻ ലഭിച്ചിരിക്കുന്നത് ഇന്ത്യൻ പാർട്ണർഷിപ്പ് ആക്ട് പ്രകാരം 13/12/2024-ന് മാത്രമാണ്. മേൽ പരാമർശിച്ച വ്യവസ്ഥ പ്രകാരം ടി ഏജൻസിയുടെ അക്രഡിറ്റേഷനുവേണ്ടിയുള്ള അപേക്ഷ പരിഗണിക്കുന്നതിന് നിർവാഹമില്ല.

4) മേൽവിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ Geoline Survey Solutions എന്ന ഏജൻസി അക്രഡിറ്റേഷനു വേണ്ടി സമർപ്പിച്ച പരാമർശം (2) ലെ അപേക്ഷ (Ext p7) നിരസിച്ചുകൊണ്ടും, അപ്രകാരം WP(C) 42629/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (3)ലെ ഉത്തരവ് അനുപാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

മാനേജിംഗ് പാർട്ണർ, ജിയോലൈൻ സർവേ സൊല്യൂഷ്യൻസ്, 5/438, ഫജർ ബിൽഡിംഗ് ആൻഡ് അപാർട്‌മെന്റ്സ്, മനിശ്ശേരി പോസ്റ്റ്, ഒറ്റപ്പാലം, പാലക്കാട്.

മിഷൻ ഡയറക്ടർ, അമൃത് മിഷൻ, കേരളം, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ആഡിറ്റ്), കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 22-12-2025 11:14:38

സെക്ഷൻ ഓഫീസർ

പകർപ്പ്:

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്